2024
JUNE
17
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ശ്രീലങ്കയിൽനിന്ന് ഇന്ത്യയിലേക്കുള്ള കരമാർഗ പാത നിർമാണം; സാധ്യതാ പഠനം അവസാനഘട്ടത്തിൽ

**കൊളംബോ:** ഇന്ത്യയിലേക്കുള്ള കരമാർഗ പാത നിർമാണം സംബന്ധിച്ച പ്രായോഗിക പഠനം അവസാനഘട്ടത്തിലാണെന്നു ശ്രീലങ്കൻ പ്രസിഡന്റ് റനിൽ വിക്രമസിംഗെ പറഞ്ഞു. മാന്നാർ ജില്ലയിൽ വികസനപ്രവർത്തനങ്ങൾ വിലയിരുത്താനുള്ള സന്ദർശനത്തിനിടെയാണു പ്രാഥമിക സാധ്യതാപഠനം കഴിഞ്ഞെന്നും അന്തിമ പഠനം ഉടൻ പൂർത്തിയാകുമെന്നും അദ്ദേഹം വ്യക്തമാക്കിയത്.

20നു വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ കൊളംബോ സന്ദർശിക്കുന്നുണ്ട്. കരപാതയുടെ സാധ്യത, ഇന്ത്യയിൽനിന്നു പുനരുപയോഗ വൈദ്യുതി വാങ്ങൽ, മാന്നാറിലെ അദാനിയുടെ കാറ്റാടി വൈദ്യുതി പദ്ധതി, ട്രിങ്കോമാലിയിലെ വ്യവസായ മേഖലയുടെ നിർമാണം എന്നിവയടക്കം ലങ്കയിലെ ഇന്ത്യൻ പദ്ധതികൾ ചർച്ച ചെയ്യും.

## ഭാരതീയ ന്യായ സംഹിത ജൂലൈ 1 മുതൽ; രാജ്യത്ത് ഇനി പുതിയ ക്രിമിനൽ നിയമങ്ങൾ

**ന്യൂഡൽഹി:** രാജ്യത്തെ ക്രിമിനൽ നിയമങ്ങളായ 1860 ലെ ഇന്ത്യൻ ശിക്ഷാനിയമം (ഐപിസി), 1898 ലെ ക്രിമിനൽ നടപടിച്ചട്ടം (സിആർപിസി), 1872ലെ ഇന്ത്യൻ തെളിവ് നിയമം എന്നിവയ്ക്കു പകരം പുതിയ നിയമങ്ങൾ ജൂലൈ 1 മുതൽ നടപ്പിലാകുമെന്നു കേന്ദ്ര നിയമ സഹമന്ത്രി അർജുൻ റാം മേഘ്‌വാൾ അറിയിച്ചു. നിയമം നടപ്പിൽ വരുത്താൻ സംസ്ഥാന നിയമ നിർവഹണ സമവിധാനങ്ങൾ സജ്ജമാണെന്നും മന്ത്രി വ്യക്തമാക്കി.

ഭാരതീയ ന്യായ സംഹിത (ബിഎൻഎസ്), ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (ബിഎൻഎസ്എസ്), ഭാരതീയ സാക്ഷ്യ (ബിഎസ്) എന്നിവയാണ് പുതിയ നിയമങ്ങൾ. 511 സെക്ഷനുകളുള്ള ഐപിസിക്കു പകരമായാണ് 358 സെക്ഷനുകളുള്ള ബിഎൻഎസ് നിലവിൽ വരുന്നത്. നിയമപ്രകാരം 15 ദിവസത്തെ പൊലീസ് കസ്റ്റഡിയുടെ ദൈർഘ്യം 90 ദിവസമാകും.9 പുതിയ വകുപ്പുകളും 39 ഉപവകുപ്പുകളും ചേർത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY
ബക്രീദ് പ്രമാണിച്ച് ഇന്ന് ഓഫീസ് അവധിയായതിനാൽ നാളെ സൊസൈറ്റി ടുഡെ ഉണ്ടായിരിക്കുന്നതല്ല

# കശ്മീരിൽ കടുത്ത നടപടിക്കൊരുങ്ങി കേന്ദ്രം

**ന്യൂഡൽഹി:** ജമ്മു കശ്മീരിൽ അടുത്തിടെ നടന്ന ഭീകരാക്രമണങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉന്നതതല യോഗം വിളിച്ചുചേർത്തു. 6 മണിക്കൂറോളം നീണ്ട യോഗത്തിൽ തീവ്രവാദിക്കൾക്കും അവർക്കു സഹായം നൽകുന്നവർക്കുമെതിരേ കർശന നടപടി സ്വീകരിക്കാനും വരാനിരിക്കുന്ന അമർനാഥ് തീർഥാടന യാത്രയ്ക്ക് സമഗ്രമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്താനും അദേഹം നിർദേശിച്ചു.

ഒരാഴ്ചയ്ക്കിടെ ജമ്മു കശ്മീരിലെ റിയാസി, കത്വ, ദോഡ ജില്ലകളിലെ 4 സ്ഥലങ്ങളിൽ ഭീകരർ നടത്തിയ ആക്രമണത്തിൽ 9 തീർഥാടകരും ഒരു സിആർപിഎഫ് ജവാനും കൊല്ലപ്പെടുകയും 7 സുരക്ഷാ ഉദ്യോഗസ്ഥർക്കും മറ്റു നിരവധി പേർക്കും പരിക്കേൽക്കുകയും ചെയ്തു. കത്വ ജില്ലയിൽ സുരക്ഷാ സേനയുമായുള്ള ഏറ്റുമുട്ടലിൽ 2 പാകിസ്ഥാൻ ഭീകരരും കൊല്ലപ്പെട്ടു.

29ന് ആരംഭിച്ച് ഓഗസ്റ്റ് 19ന് അവസാനിക്കുന്ന അമർനാഥ് അടക്കമുള്ള തീർഥാടന യാത്രയ്ക്ക് ശക്തമായ സുരക്ഷാ കവചം നൽകണം. എല്ലാ റൂട്ടുകളുടെയും പ്രധാന സ്ഥലങ്ങളുടെയും സുരക്ഷ ഉറപ്പാക്കണം.




ജമ്മു മേഖലയിൽ വീണ്ടും ഉയർന്നുവരുന്ന ഭീകരത പുനരുജ്ജീവിപ്പിക്കുന്നത് എന്തു വില കൊടുത്തും തടയണം, ശക്തമായ പ്രതികരണം നൽകണം. ഏരിയ ഡൊമിനേഷൻ പ്ലാൻ, സീറോ ടെറർ പ്ലാൻ എന്നിവയിലൂടെ കശ്മീർ താഴ്‌വരയിൽ കൈവരിച്ച വിജയങ്ങൾ ആവർത്തിക്കണം അമിത് ഷാ സുരക്ഷാ ഏജൻസികൾക്ക് നിർദേശം നൽകി.

വൈഷ്ണോദേവി, ശിവ്ഖോരി എന്നിവയുൾപ്പെടെ എല്ലാ തീർഥാടന കേന്ദ്രങ്ങളും സംരക്ഷിക്കാൻ ഏകോപിത ശ്രമങ്ങൾ നടത്തണം. ഹൈവേകളിൽ അധിക സുരക്ഷാ സേനയെ വിന്യസിക്കണം ജമ്മു കശ്മീരിലെ സജീവ തീവ്രവാദികളെയും അവരെ പിന്തുണയ്ക്കുന്നവരെയും കണ്ടെത്താൻ എല്ലാ ശ്രമങ്ങളും നടത്തണം. വിദേശ ഭീകരർ ഉപയോഗിക്കുന്ന താഴ്‌വരയിലെ എല്ലാ നുഴഞ്ഞുകയറ്റ കേന്ദ്രങ്ങളും അടച്ചുപൂട്ടണം.

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, ജമ്മു കശ്മീർ ലെഫ്റ്റനൻറ് ഗവർണർ മനോജ് സിൻഹ, കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡെ, നിയുക്ത കരസേനാ മേധാവി ലഫ്. ജനറൽ ഉപേന്ദ്ര ദ്വിവേദി, കേന്ദ്ര ആഭ്യന്തര സെക്രട്ടറി അജയ് ഭല്ല, ഇൻറലിജൻസ് ബ്യൂറോ ഡയറക്റ്റർ തപൻ ദേക്ക, സിആർപിഎഫ് ഡയറക്റ്റർ ജനറൽ അനീഷ് ദയാൽ സിങ്, ജമ്മു കശ്മീർ പൊലീസ് ഡയറക്റ്റർ ജനറൽ ആർ.ആർ. സ്വെയിൻ, മറ്റ് ഉന്നത സുരക്ഷാ ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനുകളും വന്ദേ മെട്രോയും പരീക്ഷണ ഓട്ടത്തിന്

## കൂടുതൽ സൗകര്യവും വേഗവും

**മുംബൈ:** വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനുകളും വന്ദേ മെട്രോയും ഓഗസ്റ്റ് 15 നുള്ളിൽ പരീക്ഷണയോട്ടം ആരംഭിക്കുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. പ്രധാന നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന 250 വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനുകൾ 2029 ഓടെ ട്രാക്കിലിറക്കുമെന്നും മന്ത്രി അറിയിച്ചു. നിലവിലെ സ്ലീപ്പർ ട്രെയിനുകളായ രാജധാനി, തേജസ്, ശതാബ്ദി തുടങ്ങിയ എക്സ്പ്രസുകളേക്കാൾ മെച്ചപ്പെട്ട സൗകര്യങ്ങളും വേഗതയുമുണ്ടാകും വന്ദേഭാരതിന്. പുതിയ വണ്ടികളിൽ 11 എസി 3 ടയർ, 4 എസി 2 ടയർ, 1 എസി ഫസ്റ്റ് ക്ലാസ് എന്നിങ്ങനെ 16 കോച്ചുകളാണുള്ളത്. 823 യാത്രക്കാർക്ക് സഞ്ചരിക്കാം.ക്രീം, മഞ്ഞ, വുഡൻ നിറങ്ങളിലായിരിക്കും വന്ദേഭാരതിന്റെ ഉൾഭാഗം. പരീക്ഷണയോട്ടത്തിന്റെ



വേഗം മണിക്കൂറിൽ 180 കിലോമീറ്ററായിരിക്കുമെങ്കിലും ട്രാക്കിൽ 160 ആയിരിക്കും പരമാവധി വേഗം. ഇന്ത്യൻ റെയിൽവേ പുതുതായി പുറത്തിറക്കുന്ന വന്ദേമെട്രോ ചെറിയ അകലങ്ങളിലുള്ള നഗരങ്ങളെ അതിവേഗത്തിൽ ബന്ധിപ്പിക്കുന്ന സർവീസാണ്.





# യിപ്പീസിന്റെ പുതിയ കാമ്പെയ്ൻ ടോസ്പുറത്തിറക്കി

**കൊച്ചി:** യിപ്പീസിന്റെ പുതിയ കാമ്പെയ്ൻ 'ടോസ്'പുറത്തിറക്കി. ഐടിസിയുടെ മുൻനിര ഇൻസ്റ്റന്റ് നൂഡിൽ, പാസ്ത ബ്രാൻഡായ യിപ്പീയുടെ നൂഡിൽസ് നീളം കൂടിയതാണെന്നും ഒട്ടിപ്പിടിക്കാത്തതുമാണെന്ന തനത് ഗുണങ്ങളാണ് രാജ്യത്തെ പ്രമുഖ ക്രിക്കറ്റ് താരങ്ങളായ രാഹുൽ ദ്രാവിഡ്, ജസ്പ്രീത് ബുംറ, സൂര്യ കുമാർ യാദവ് എന്നിവർ രസകരമായ ഈ കാമ്പെയ്നിലൂടെ ഉയർത്തിക്കാട്ടുന്നത്.ക്രിക്കറ്റ് ഇന്ത്യയിലെ ഒരു വികാരം തന്നെയാണെന്നും ഈ സന്ദർഭത്തിൽ ക്രിക്കറ്റും യിപ്പീ!യുടെ സ്വാദും ഒരുമിച്ചു ചേർക്കാനാവുന്നതിനേക്കാൾ മികച്ച സന്തോഷമെന്താണെന്നുമുള്ള ചിന്തയാണ് ഈ ക്യാമ്പെയിലേയ്ക്കെത്തിച്ചതെന്നും ഐടിസിയുടെ സ്നാക്സ്, നൂഡിൽസ് ആൻഡ് പാസ്ത, ഫുഡ് ബിസിനസ്സ് സിഒഒ കവിതാ ചതുർവേദി പറഞ്ഞു. രാജ്യത്തുടനീളമുള്ള വിവിധ മാധ്യമങ്ങൽലൂടെ ടോസ് കാമ്പെയ്ൻ വ്യാപിപ്പിക്കാനാണ് ഐടിസിയുടെ തീരുമാനം.




# കെഎംഎ പുസ്തക ചർച്ച സംഘടിപ്പിച്ചു

**കൊച്ചി:** ടാറ്റ സൺസ് ലിമിറ്റഡ് മുൻ ഡയറക്ടർ ആർ. ഗോപാലകൃഷ്ണനും യുണിലിവർ മുൻ വൈസ് പ്രസിഡൻറ് ഋഷി ഭട്ടാചാര്യയും ചേർന്നെഴുതിയ എംബ്രെസ് ദി ഫ്യൂച്ചർ എന്ന പുസ്തകത്തെ കുറിച്ചു കേരള മാനേജ്മെൻറ് അസോസിയേഷൻ (കെഎംഎ) ചർച്ച സംഘടിപ്പിച്ചു.

ഒരു മാനേജ്മെന്റ് വിദഗ്ധൻ കോർപ്പറേറ്റ് മേഖലയിൽ വരുന്ന മാറ്റങ്ങളെ വെറും മാറ്റങ്ങളായി കാണാതെ അവയെ നിർണായകമായ പരിവർത്തനങ്ങളായി കാണണമെന്ന് ഋഷി ഭട്ടാചാര്യ പറഞ്ഞു. സ്വപ്നം കാണുന്ന ഭാവിയെ സ്വീകരിക്കുക എന്നതല്ല മറിച്ച് ഭാവിയെ രൂപപ്പെടുത്തിയെടുക്കുകയാണ് വേണ്ടത്. പരിവർത്തനങ്ങളിലൂടെ മാത്രമേ മെച്ചപ്പെട്ട ഭാവി രൂപപ്പെടുത്താൻ കഴിയൂ എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എംബ്രേസ് ദി ഫ്യൂച്ചർ എന്ന പുസ്തകം ഭാവിയിലേക്കുള്ള ചൂണ്ടുപലകയാണെന്ന് ഭട്ടാചാര്യ പറഞ്ഞു. പുസ്തകത്തെ മാനേജ്മെന്റുമായി മാത്രം ബന്ധപ്പെടുത്തി കാണേണ്ടതില്ലെന്ന് ആർ.ഗോപാലകൃഷ്ണൻ പറഞ്ഞു. ഭാവി എങ്ങനെ ശോഭനമാക്കാൻ കഴിയുമെന്ന് തിരിച്ചറിയാൻ പുസ്തകം സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.കെഎംഎ സീനിയർ വൈസ് പ്രസിഡൻറ് കെ. ഹരികുമാർ മോഡറേറ്ററായിരുന്നു. കെഎംഎ പ്രസിഡന്റ് ബിബു പുന്നൂരാൻ, മനേജിംഗ് കമ്മിറ്റിയംഗം ടോം പി ജോസഫ് എന്നിവർ പ്രസംഗിച്ചു.

# വിമുക്ത ഭടന്മാർക്കും ആശ്രിതർക്കും പുനരധിവാസ പരിശീലനം

**കൊച്ചി:** വിമുക്ത ഭടന്മാർക്കും ആശ്രിതർക്കുമായി സൈനിക ക്ഷേമ വകുപ്പും ഐസിടി അക്കാദമി ഓഫ് കേരളയും സംയുക്തമായി നടത്തുന്ന ഒരു മാസം ദൈർഘ്യമുള്ള മൊബൈൽ ഫോൺ ടെക്നോളജി കോഴ്സ് തിരുവനന്തപുരത്തും വീഡിയോ എഡിറ്റിങ് കോഴ്സ് എറണാകുളത്തും സൗജന്യമായി സംഘടിപ്പിക്കുന്നു.

താത്പര്യമുള്ള അപേക്ഷകർ ജൂൺ 25ന് മുമ്പായി സൈനിക ക്ഷേമ ഡയറക്ടറേറ്റിന്റെ dswplanfund2024@gmail.com എന്ന ഇമെയിലിൽ ബയോഡേറ്റ സഹിതം അപേക്ഷ സമർപ്പിക്കണമെന്ന് സൈനികക്ഷേമ ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 0471 2304980, 9567126304

# എറണാകുളം ജില്ലയിലെ റോഡുകൾ നന്നാക്കാൻ കോടികൾ അനുവദിച്ച് പൊതുമരാമത്ത് വകുപ്പ്

**കൊച്ചി:** പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി 313 കോടി രൂപയ്ക്ക് ഭരണാനുമതിയായി. 117 റോഡുകളുടെ പുനർനിർമാണത്തിന് 269.19 കോടി രൂപയും രണ്ട് നടപ്പാലങ്ങൾക്ക് 7.12 കോടി രൂപയും 19 കെട്ടിടങ്ങൾക്ക് 37 കോടി രൂപയുമാണ് അനുവദിച്ചത്. എറണാകുളം ജില്ലയിലെ വിവിധ റോഡുകളുടെ പുനർനിർമാണത്തിനും പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയായി. റോഡുകൾ ബിഎംബിസി നിലവാരത്തിൽ പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് പൊതുമരാമത്ത് വകുപ്പു മന്ത്രി പി.എ. മുഹമ്മദ് റിയാസ് അറിയിച്ചു.

റോഡുകളും അനുവദിച്ച പണവും: പിറവത്തെ കാഞ്ഞിരമറ്റം പൂത്തോട്ട റോഡിനു മൂന്നുകോടി രൂപ, അങ്കമാലിയിലെ വേങ്ങൂർ കിടങ്ങൂർ റോഡിനു 3.50 കോടി രൂപ, കൊച്ചി മൗലാനാ ആസാദ് റോഡ് ഡ്രെയിനേജും ഫുട്ട്പാതും ഉൾപ്പെടെ നവീകരണത്തിന് ഒരു കോടി രൂപ, ഗുജറാത്തി റോഡ് ഡ്രെയിനേജും ഫുട്ട്പാതും ഉൾപ്പെടെ നന്നാക്കാൻ 80 ലക്ഷം രൂപ, തൃപ്പൂണിത്തുറ മിനി ബൈ പാസ് ബിഎം ആൻഡ് ബിസി നിലവാരത്തിൽ നവീകരണത്തിന് 1.50 കോടി രൂപ, കുണ്ടന്നൂർ ചിലവന്നൂർ റോഡ് ബിഎം ആൻഡ് ബിസി നിലവാരത്തിൽ മെച്ചപ്പെടുത്താൻ 1.50 കോടി രൂപ, കൊച്ചി കൊച്ചുപള്ളി റോഡ് നവീകരണത്തിന് ഒരു കോടി രൂപ, കൊച്ചി നമ്പ്യാപുരം റോഡ് നന്നാക്കാൻ ഒരു കോടി രൂപ, ചേപ്പനം ചാത്തമ്മ റോഡ് നവീകരണത്തിന് 1.50 കോടി രൂപ.

ഇടപ്പള്ളി മൂവാറ്റുപുഴ റോഡ് നവീകരണത്തിന് ഒരുകോടി രൂപ, പേരണ്ടൂർ ലാൻഡിംഗ് റോഡും ഡ്രെയിനേജും 50 ലക്ഷം രൂപ, എൻജിഒ കാർട്ടേഴ്സ് ബിഎംസി റോഡ് റോഡ് ടാറിങ്ങിനു ഒരു കോടി രൂപ, ഇടച്ചിറ വായനശാല റോഡ് നന്നാക്കാൻ 1.50 കോടി രൂപ, എ പി വർക്കി റോഡ് നവീകരണത്തിന് 50 ലക്ഷം രൂപ, മാപ്രാണം നിലംപതിഞ്ഞി സിവിൽ സ്റ്റേഷൻ റോഡ് ടാറിംഗിന് 1.50 കോടി രൂപ, തൃപ്പൂണിത്തുറ ഓൾഡ് എൻഎച്ചിനായി 4 കോടി രൂപ, തോപ്പുംപടി ജംഗ്ഷനിൽ ട്രാഫിക് ഡിവൈഡറുകൾ ലഭ്യമാക്കാൻ 50 ലക്ഷം രൂപ, പെരുമ്പാവൂർ നമ്പള്ളി തോട്ടുവ റോഡ് നന്നാക്കാൻ അഞ്ചു കോടി രൂപ.

പട്ടിമറ്റം പള്ളിക്കര റോഡ് നവീകരണത്തിന് മൂന്നുകോടി രൂപ, കോതമംഗലം തൃക്കാരിയൂർ നാടുകാണി റോഡ് മെച്ചപ്പെടുത്തൽ, കൽവെർട്ട് നിർമ്മാണം, എസ്എൻഡിപി കവല കുഞ്ഞുതൊമ്മൻ റോഡ് നവീകരണം എന്നിവയ്ക്കായി അഞ്ചുകോടി രൂപ, മൂവാറ്റുപുഴയിലെ വാഴക്കുളം അരീക്കുഴ റോഡ് മെച്ചപ്പെടുത്താൻ 2.6 കോടി രൂപ, കോതമംഗലം വാഴക്കുളം റോഡിനും കോഴിപ്പിള്ളി അടിവാട് മാർക്കറ്റ് റോഡിനുമായി അഞ്ചു കോടി രൂപ, പിറവത്തെ മരിക കോഴിപ്പിള്ളി റോഡിനും മരിക വഴിത്തല ലിങ്ക് റോഡിനുമായി 2.49 കോടി രൂപ. ഞാറക്കൽ റെസ്റ്റ് ഹൗസിനു പുതിയ ബ്ലോക്ക് മന്ദിരത്തിനായി ഒന്നര കോടി രൂപയും അനുവദിച്ചു.

# ദേശീയ വെൽനസ് കോൺക്ലേവ് സംഘടിപ്പിച്ചു

**കൊച്ചി:** വെൽനസ് സൊല്യൂഷൻസ് സൗഖ്യ ഫൗണ്ടേഷനുമായി സഹകരിച്ച് ഹോട്ടൽ മേഴ്സി എസ്റ്റേറ്റിൽ വെൽനസ് കോൺക്ലേവ് സംഘടിപ്പിച്ചു.ആഗോളതലത്തിൽ സൗഖ്യ ചികിത്സാ രംഗത്തുണ്ടായ നൂതന സങ്കേതങ്ങളെ പരിചയപ്പെടുത്തുവാനും യഥാർഥ ആരോഗ്യത്തെ കുറിച്ച് വിശദമാക്കാനും 'ആരോഗ്യം നമ്മുടെ അവകാശമാണ്' എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിനമാണ് കോൺക്ലേസ് സംഘടിപ്പിച്ചത്. രവിപുരത്തെ വെൽനസ് സൊല്യൂഷൻസ് ഗ്രൂപ്പിന്റെ. നവ സംരംഭമായ അഹം ഇൽനെസ് ടു വെൽനസ് പാലിയേറ്റീവ് കെയർ ഹോസ്പിറ്റലിന്റെ ഉദ്ഘാടനം റിട്ട. ജസ്റ്റിസ് ബി കെമാൽ പാഷ നിർവ്വഹിച്ചു. ഡോ. എ ശ്രീകുമാറിനെ ചടങ്ങിൽ ആദരിച്ചു. സൗഖ്യ ചികിത്സയിലൂടെ വിവിധ രോഗങ്ങളെ




അതിജീവിച്ചവർ കോൺക്ലേവിൽ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. സൗഖ്യപ്രാപ്തി നേടിയതിനെ കുറിച്ചുള്ള ശാസ്ത്രീയ വിശദീകരണം ഡോക്ടർമാർ നൽകി. ഡോ. എ ശ്രീകുമാർ, ഡോ. ഫഹീം, ഡോ. പ്രിയ ആനന്ദ്, ഡോ. മോത്തി റാണി, ഡോ. രഘുകുമാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ചർച്ചയും നടന്നു.

ആർകിടെക്ട് ശങ്കർ, ബീനാ കണ്ണൻ, ചലച്ചിത്ര താരം ജയകൃഷ്ണൻ, സനൽ പോറ്റി, ചാണ്ടി ഉമ്മൻ എം എൽ എ എന്നിവർക്കൊപ്പം ഹിമ ബിന്ദു, ഡോ. ഫെബ മേരി ജോൺസൺ തുടങ്ങിയവരും പങ്കെടുത്തു

# സുരക്ഷിതമായ വിരമിക്കലിന് തന്ത്രപരമായ ആസൂത്രണം: ബന്ധൻ എഎംസി

**കൊച്ചി:** സുരക്ഷിതവും സംതൃപ്തവുമായ വിരമിക്കലിന് തന്ത്രപരമായ ആസൂത്രണം ആവശ്യമാണെന്ന് ബന്ധൻ എഎംസി സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഹെഡ് ഗൗരബ് പരിജ പറഞ്ഞു. സമയത്തിന്റെയും പണത്തിന്റെയും കാര്യത്തിൽ ആരും സംതൃപ്തരല്ല. ഇവ രണ്ടും നമുക്ക് കൂടുതൽ ലഭിച്ചിരുന്നെങ്കിൽ മാത്രം ജീവിതം കൂടുതൽ മെച്ചമായിരിക്കുമെന്ന വ്യഥ എപ്പോഴും അലട്ടുന്ന ഒന്നാണ്. ജോലിയിൽ നിന്നു വിരമിക്കുന്ന സമയം ഈ വികാരം കൂടുതൽ വ്യക്തമാകും. അതിനാൽസുരക്ഷിതവും സംതൃപ്തവുമായ വിരമിക്കലിന് തന്ത്രപരമായ ആസൂത്രണം ആവശ്യമാണെന്ന് ഹെഡ് ഗൗരബ് പരിജ പറഞ്ഞു. സമയത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന നിക്ഷേപത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വശങ്ങളിലൊന്ന് ഒരു വ്യക്തിയുടെ നിക്ഷേപം വഴി ലഭിക്കുന്ന വരുമാനത്തെ സ്വാധീനിക്കുകയും കാലക്രമേണ വളർച്ച സൃഷ്ടിക്കുന്നതിനായി അവയെ വീണ്ടും നിക്ഷേപിക്കുകയും ചെയ്യുന്നു. അതിനാൽ പണം എത്രത്തോളം നിക്ഷേപിച്ചിരിക്കുന്നുവോ അത്രത്തോളം അത് കോമ്പൗണ്ടിംഗിൽ നിന്ന് കൂടുതൽ ലാഭം നേടുന്നുവെന്ന് റിട്ടയർമെന്റ് ആസൂത്രണത്തിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് ഗൗരബ് പരിജ പറഞ്ഞു.




# കോഴിക്കോടിൻറെ ഫുട്ബോൾ ആവേശം ഇനി കാലിക്കറ്റ് ഫുട്ബോൾ ക്ലബ്ബിലൂടെ

**കോഴിക്കോട്:** കാൽപ്പന്ത് കളിയിൽ കോഴിക്കോടിന് ആവേശത്തിര തീർക്കാൻ പുതിയ ഫുട്ബോൾ ക്ലബ്ബ് വരുന്നു. സൂപ്പർ ലീഗ് കേരള ഫുട്ബോൾ ടൂർണമെൻറിലാണ് കോഴിക്കോടിൻറെ സ്വന്തം ഫുട്ബോൾ ക്ലബ്ബ് ആയ കാലിക്കറ്റ് ഫുട്ബോൾ ക്ലബ്ബ് അരങ്ങേറ്റം കുറിക്കുക. ടീമിൻറെ ഫ്രാഞ്ചൈസി ഉടമ വി കെ മാത്യൂസാണ് പുതിയ ക്ലബ്ബ് പ്രഖ്യാപിച്ചത്.ടീമിൻറെ ഔദ്യോഗിക ലോഗോ കേരള ഫുട്ബോൾ അസോസിയേഷൻ പ്രസിഡൻറ് നവാസ് മീരാൻറെ സാന്നിധ്യത്തിൽ കോഴിക്കോട് എംപി എം കെ രാഘവൻ പ്രകാശനം ചെയ്തു.കാലിക്കറ്റ് ഫുട്ബോൾ ക്ലബ്ബിൽ ആകെ 25 കളിക്കാരാണുള്ളത്. അതിൽ ആറ് വിദേശ താരങ്ങളും ദേശീയതലത്തിൽ കളിക്കുന്ന ഏഴ് പേരും അതോടൊപ്പം കേരളത്തിൽ നിന്ന് 12 പേരുമായിരിക്കും. ഹെഡ് കോച്ച് വിദേശത്തു നിന്നാണ്. കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയമായിരിക്കും ക്ലബ്ബിൻറെ ഹോം ഗ്രൗണ്ട്.

കോഴിക്കോട് ഒരു അന്തർദേശീയ ഫുട്ബോൾ സ്റ്റേഡിയമെന്ന സ്വപ്നം ഇപ്പോഴും സജീവമാണെന്ന് എം കെ രാഘവൻ പറഞ്ഞു. വി കെ മാത്യൂസിനെപ്പോലുള്ള സംരംഭകരുടെ സഹകരണം ഈ ഉദ്യമത്തിന് ആവശ്യമാണ്. പൊതു സ്വകാര്യമേഖലയുടെ സഹകരണത്തോടെ ഇത് യാഥാർഥ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

രാജ്യത്തെ ഫുട്ബോൾ ആവേശമാണ് കേരളമെന്നും ഈ ആവേശത്തിൻറെ പ്രഭവകേന്ദ്രമാണ് കോഴിക്കോടെന്നും വി കെ മാത്യൂസ് പറഞ്ഞു.

പ്രൊഫഷണൽ ഫുട്ബോളിലൂടെ മാന്യമായ ജീവിതസാഹചര്യമുണ്ടായാൽ കേരളത്തിലെ ഫുട്ബോൾ മേഖലയിൽ അത്ഭുതകരമായ മാറ്റമുണ്ടാകുമെന്ന് നവാസ് മീരാൻ പറഞ്ഞു. സബ് ജൂനിയർ തലം മുതൽ മികച്ച പരിശീലനവും പ്രൊഫഷണലിസവും കൊണ്ടു വന്നാൽ മാത്രമേ സീനിയർ തലത്തിൽ നേട്ടമുണ്ടാക്കാൻ സാധിക്കൂ. അതിനു വേണ്ടിയാണ് വർഷം 2,100 കളിയെങ്കിലും സംസ്ഥാനത്ത് നടത്താനുള്ള സാഹചര്യമുണ്ടാക്കുന്നത്. സൂപ്പർലീഗ് കേരള ഈ ലക്ഷ്യത്തിലേക്കുള്ള ഉദ്യമമാണെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ സൂപ്പർ ലീഗിന് സമാനമായ രീതിയിലാണ് സൂപ്പർലീഗ് കേരള സംഘടിപ്പിക്കുന്നത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കായികടൂർണമെൻറായി ഇതു മാറും. വിവിധ ജില്ലകളിൽ നിന്നുള്ള ആറ് ടീമുകളാണ് എസ്എൽകെയിലുള്ളത്. സെപ്തംബർ ഒന്നിന് കൊച്ചിയിലാണ് ഉദ്ഘാടനമത്സരം. പ്രാഥമിക റൗണ്ടിൽ ഓരോ ടീമും പത്ത് മത്സരങ്ങൾ വീതം കളിക്കും. അതിൽ അഞ്ചെണ്ണം ഹോം ഗ്രൗണ്ടിലും അഞ്ചെണ്ണം പുറത്തുമായിരിക്കും. പ്രാഥമിക റൗണ്ടിൽ നിന്ന് ആദ്യ നാല് സ്ഥാനക്കാർ പ്ലേ ഓഫിൽ എത്തും.

# ഹോണ്ട ഇന്ത്യ ടാലന്റ് കപ്പ്: സ്ക്വാഡ് പ്രഖ്യാപിച്ചു

**കൊച്ചി:** മദ്രാസ് ഇന്റർനാഷണൽ സർക്യൂട്ടിൽ (ചെന്നൈ) ആരംഭിക്കുന്ന 2024 ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലന്റ് കപ്പ് എൻഎസ്എഫ്250ആർനുള്ള റൈഡേഴ്സ് സ്ക്വാഡിനെ പ്രഖ്യാപിച്ച് ഹോണ്ട റേസിംഗ് ഇന്ത്യ. 14 അംഗ യുവടീമിൽ 6 പേർ പുതുമുഖങ്ങളാണ്. അടുത്ത തലമുറയിലെ റേസിംഗ് ചാമ്പ്യന്മാരെ വളർത്തിയെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ഹോണ്ട ടാലന്റ് ഹണ്ടിൽ നിനാണ് പുതിയ റൈഡർമാരെ തിരഞ്ഞെടുത്തത്. ഹോണ്ടയുടെ പ്രശസ്തമായ മോട്ടോ 3 മെഷീനിലായിരിക്കും 14 റൈഡർമാരുടെയും മത്സരം.ചെന്നൈയിൽ നിന്നുള്ള ശ്യാം ശുന്ദർ (20 വയസ്), രക്ഷിത് എസ് ധവെ (15), ബെംഗളൂരിൽ നിന്നുള്ള എഎസ് ജെയിംസ് (22), പ്രകാശ് കാമത്ത് (20), മലപ്പുറം സ്വദേശി മൊഹ്സിൻ പി (22), കോലാപ്പൂരിൽ നിന്നുള്ള സിദ്ധേഷ് സാവന്ത് (22), ഹൈദരാബാദിൽ നിന്നുള്ള ബീദാനി രാജേന്ദ്ര (19), മുംബൈയിൽ നിന്നുള്ള രഹീഷ് ഖത്രി (16) എന്നിവർക്കൊപ്പം ബെംഗളൂരിൽ നിന്നുള്ള സാവിയോൻ സാബു (16), രക്ഷിത എസ് ധവെ (16), ചെന്നൈയിൽ നിന്നുള്ള ജഗതിശ്രീ കുമരേശൻ (19), തിരുവനന്തപുരത്ത് നിന്നുള്ള ആരോൺ സോണി ഫെർണാണ്ടസ് (15), ട്രിച്ചി സ്വദേശി സ്റ്റീവ് വോ സുഗി (19), ഹൈദരാബാദിൽ നിന്നുള്ള വിഘ്നേഷ് പോതു (17) എന്നീ പുതുമുഖങ്ങളും ഉൾപ്പെടുന്നതാണ് ഹോണ്ട റേസിംഗ് ഇന്ത്യ ടീം.അഞ്ച് റൗണ്ടുകളാണ് 2024 സീസണിൽ ഉണ്ടാവുക. ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ചെന്നൈയിൽ തന്നെയായിരിക്കും മറ്റു റൗണ്ടുകളും അരങ്ങേറുക

# കെ.ജി.ടി.ഇ. പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളിലേക്ക് സീറ്റൊഴിവ്

**കൊച്ചി:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗും (സി ആപ്റ്റ്) സംയുക്തമായി ആരംഭിക്കുന്ന കേരള ഗവൺമെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.ടി. ഇ. പോസ്റ്റ് പ്രസ്സ്,

കെ.ജി.ടി. ഇ. പ്രീപ്രസ്സ് ഓപ്പറേഷൻ ആന്റ് കെ.ജി.ടി.ഇ പ്രസ്സ് വർക്ക് 2024 2025 അധ്യയന വർഷം ആരംഭിക്കുന്ന കോഴ്സുകളിലേക്ക് സീറ്റൊഴിവ്. അപേക്ഷകർ എസ്.എസ്.എൽ.സി പാസായിരിക്കണം ന്യൂതന സാങ്കേതിക അച്ചടി രംഗത്ത് തൊഴിൽ സാധ്യത ഏറെ ഉള്ള കോഴ്സാണ്. സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ പരീക്ഷ കൺട്രോളർ സർട്ടിഫിക്കറ്റുകൾ നൽകുന്ന കോഴ്സിൽ പട്ടികജാതി/പട്ടികവർഗ/മറ്റർഹ വിഭാഗങ്ങൾക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കും. ഒ.ബി.സി./എസ്.ഇ.ബി.സി മറ്റ് മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാനപരിധിക്കു വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും. .

അപേക്ഷാഫോറം, പ്രോസ്പെക്ടസ് എന്നിവ സെന്ററിന്റെ പരിശീലന വിഭാഗത്തിൽ നിന്ന് 100 രൂപക്ക് നേരിട്ടും, 135 രൂപയുടെ മണിഓർഡറായി ഓഫീസർ ഇൻ ചാർജ്, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ഗവ. എൽ. പി. സ്കൂൾ കാമ്പസ്, തോട്ടക്കാട്ടുകര പി.ഒ., ആലുവ 683108 എന്ന വിലാസത്തിൽ അയച്ചാൽ തപാൽ മാർഗ്ഗവും ലഭ്യമാകും.

വിശദവിവരങ്ങൾ പരിശീലന വിഭാഗത്തിലെ (0484 2605322,9605022555, 9446511277) എന്നീ ഫോൺ നമ്പറുകളിൽ ലഭ്യമാകും. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂൺ 25.

# കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ ഡെപ്യൂട്ടേഷൻ ഒഴിവ്

**കൊച്ചി:** കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

വിവിധ സർക്കാർ വകുപ്പുകളിൽ തത്തുല്യ തസ്തികയിലുള്ള ജീവനക്കാർക്ക് അപേക്ഷിക്കാം. കേരള സർവ്വീസ് റൂൾ പാർട്ട് ഒന്നിലെ ചട്ടം 144 അനുസരിച്ചുള്ള നിശ്ചിത മാതൃകയിലെ അപേക്ഷ, നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് സഹിതം ബന്ധപ്പെട്ട വകുപ്പ് മേധാവി മുഖാന്തിരം കേരള റോഡ് സുരക്ഷാ കമ്മീഷണർ, ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം14 എന്ന വിലാസത്തിൽ ജൂൺ 30നകം സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: 0471 2336369



# പുതിയ 'മൂവ് കൂൾ' അവതരിപ്പിച്ച് മൂവ്




**കൊച്ചി:** വേദന സംഹാരി ബ്രാൻഡായ മൂവ് പുതിയ ഉൽപ്പന്നം 'മൂവ് കൂൾ' അവതരിപ്പിച്ചു. പരിക്കുകൾ, ഉളുക്ക് എന്നിവ മൂലം പേശികൾക്കും ഉണ്ടാകുന്ന വേദന, പേശികളിലെ സ്ട്രെയിൻ, പുകച്ചിൽ എന്നിവയിൽ നിന്നും ആശ്വാസം നൽകുന്നതാണ് 'മൂവ് കൂൾ' എന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. കോൾഡ്  തെറാപ്പിയെ അടിസ്ഥാനമാക്കി മെന്തോളിൻറെ കൂളിംഗ് പവർ 'മൂവ് കൂളി'ൽ വരുന്നുണ്ട്.  ഐസ് പോലെ കുളിർമ്മയേകുന്ന അനുഭവം നൽകി പ്രശ്നമുള്ളയിടത്ത് മരവിപ്പിച്ച് 15 സെക്കൻഡിനുള്ളിൽ ഫലിച്ചുതുടങ്ങുന്നു.ഉപഭോക്താക്കളുടെ ആവശ്യങ്ങൾ അനുസരിച്ച് ഉൽപ്പന്നങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി മികച്ച പ്രതിവിധികൾ നൽകുന്നതിന്റെ നേർസാക്ഷ്യമാണ് 'മൂവ് കൂൾ' എന്ന് റെക്കിറ്റ് സൗത്ത് ഏഷ്യ ഹെൽത്ത്& നുട്രീഷൻ റീജണൽ മാർക്കറ്റിംഗ് ഡയറക്ടർ കനിക കൽറ പറഞ്ഞു. ജെല്ലുകളും സ്പ്രേകളുമായി രണ്ട് രൂപത്തിൽ ഓൺലൈനിലും റീട്ടെയിൽ സ്റ്റോറുകളിലും മൂവ് കൂൾ ലഭിക്കും. 10 ഗ്രാം, 20 ഗ്രാം ജെല്ലിനു യഥാക്രമം 60 രൂപയും 110 രൂപയും സ്പ്രേയിൽ 15 ഗ്രാമുനു 85 രൂപയും 35 ഗ്രാമിനു 186 രൂപയുമാണ് വില.

# ജീവനക്കാരുടെ റെക്കോർഡ് പങ്കാളിത്തവുമായി ആമസോൺ ഇന്ത്യ

**കൊച്ചി:**  ഈ വർഷം മെയ് മാസത്തിൽ സന്നദ്ധ സേവന മാസം ആഘോഷിച്ചപ്പോൾ ജീവനക്കാരുടെ പങ്കാളിത്തം റെക്കോർഡ് സൃഷ്ടിച്ചതായി ആമസോൺ ഇന്ത്യ പ്രഖ്യാപിച്ചു.  കോർപറേറ്റ് ജീവനക്കാരും ഇന്ത്യയിലെ അസോസ്സിയേറ്റുകളും ഉൾപ്പെടെ 1.1 ലക്ഷം പേരാണ് ഇത്തവണ പങ്കാളികളായത്.  വാർഷികാടിസ്ഥാനത്തിൽ 100 ശതമാനം വർധനവാണിത്.  വനിതാ ശാക്തീകരണം, സുസ്ഥിരത, ഭക്ഷ്യ സുരക്ഷ, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിലാണ് സന്നദ്ധ പ്രവർത്തനങ്ങൾ നടത്തിയത്.  55ൽ ഏറെ സന്നദ്ധ സംഘടനകളുമായി സഹകരിച്ച് 400 ൽ ഏറെ അവസരങ്ങളാണ് ആമസോൺ ഇന്ത്യ ജീവനക്കാർക്കു ലഭ്യമാക്കിയത്. ഓഫിസിലും പുറത്തും വിർചൽ രീതിയിലുമെല്ലാം പ്രവർത്തിക്കാൻ അവസരങ്ങൾ ഉണ്ടായിരുന്നു. തങ്ങൾ സേവനം നൽകുന്ന സമൂഹത്തിൻറെ ക്ഷേമം എന്നത് ആമസോൺ ഒരു മുഖ്യ ഘടകമായാണ് കണക്കാക്കുന്നതെന്ന് ആമസോൺ ഇന്ത്യ വൈസ് പ്രസിഡൻറും കൺട്രി മാനേജറുമായ മനീഷ് തിവാരി പറഞ്ഞു.

# മാഗി അപ്ന ഫുഡ് ബിസിനസ് രണ്ടാം പതിപ്പിലെ വിജയികളെ പ്രഖ്യാപിച്ച് മാഗി




**തിരുവനന്തപുരം,:** മാഗി അപ്ന ഫുഡ് ബിസിനസിന്റെ രണ്ടാം പതിപ്പിലെ വിജയികളെ പ്രഖ്യാപിച്ച് മാഗി.

ഫുഡ് കണ്ടന്റ് ക്രിയേറ്റേഴ്സിനെ അറിവും വൈദഗ്ധ്യവും നന്നായി ഉപയോഗപ്പെടുത്തി സ്വന്തമായി ഭക്ഷണ ചാനൽ നിർമിക്കാനും ഇതുവഴി വരുമാനം കണ്ടെത്താനും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

മാഗി അപ്ന ഫുഡ് ബിസിനസിന്റെ രണ്ടാം പതിപ്പ് 20 മില്യൺ കണ്ടന്റ് ക്രിയേറ്റേഴ്സിന്റെ ശ്രദ്ധ പിടിച്ചുപറ്റുകയും 50,000 ലധികം പേരെ മത്സരത്തിൽ പങ്കെടുക്കാനും സ്വന്തം ഫുഡ് ചാനൽ ആരംഭിക്കാൻ ആവശ്യമായ അനുഭവവും വൈദഗ്ധ്യവും പകർന്നു നൽകുകയും ചെയ്തു.

കബിത സിംഗ് (കബിതാസ് കിച്ചൻ), മധുര ബച്ചൽ (മധുരസ് റെസിപ്പി), തേജ പരുചൂരി (വിസ്മയ് ഫുഡ്സ്), തൻഹിസിഖ മുഖർജി (തൻഹിർ പാക്ഷാല) തുടങ്ങിയ പ്രമുഖ ഫുഡ് ഇൻഫ്ളുവൻസർമാരോടും മെറ്റയിലെയും യൂട്യൂബിലെയും വിദഗ്ധരോടുമൊപ്പം രണ്ടുമാസത്തെ തീവ്ര പരിശീലനത്തിന് ശേഷം അർഹരായ 10 വിജയികൾക്ക് സ്വന്തം കണ്ടന്റുവഴി ബിസ്നസ് ആരംഭിക്കാൻ അഞ്ചുലക്ഷം രൂപ വീതം സമ്മാനം നൽകി.

മുംബൈയിൽ നിന്നുള്ള സോഫിയ മച്ചാഡോ, ശ്രേയ റാവു, ട്രാഷിക ഡിസേന, അഷ്നീത് കൗർ ആനന്ദ്, ശീതൾ പെഡ്നേക്കർ, കൊൽക്കത്തയിൽ നിന്നുള്ള പ്രിയങ്ക കുണ്ടു ബിശ്വാസ്, തിരുവനന്തപുരത്ത് നിന്നുള്ള ഷൈലജ നായർ, പുണെയിൽ നിന്നുള്ള പിങ്കി ദസ്വാനി, ഗുരുഗ്രാമിൽ നിന്നുള്ള വന്ദന ജെയിൻ, മുംബൈ/ഹൈദരാബാദിൽ നിന്നുള്ള ബെനിഷ മാർട്ടിൻ എന്നിവരാണ് സമ്മാനാർഹരായ സംരംഭകർ.



# സീഡ്സ്കേപ്പ് പ്രദർശനം ദർബാർ ഹാൾ ആർട്ട് ഗാലറിയിൽ

**കൊച്ചി:** മുവാറ്റുപുഴ സീഡ്  എപിജെ അബ്ദുൽ കലാം സ്കൂൾ ഓഫ് എൻവയോൺമെന്റൽ ഡിസൈൻ സംഘടിപ്പിക്കുന്ന സീഡ്സ്കേപ്പ് പ്രദർശനത്തിന്റെ അഞ്ചാം എഡിഷന് ദർബാർ ഹാൾ ആർട് ഗാലറിയിൽ തുടക്കമായി.  ആർക്കിടെക്ടുകളായ ലിജോ ജോസ്, റെനി ലിജോ, ജിൽസ് ഫിലിപ്പ് എന്നിവർ ചേർന്ന് പ്രദർശനം ഉദ്ഘാടനം ചെയ്തു. കൊച്ചിൻ ക്രീയേറ്റീവ് കളക്ടീവാണ് പ്രദർശനം ക്യൂറേറ്റ് ചെയ്തിരിക്കുന്നത്.202324 അധ്യയന വർഷത്തിൽ കോളേജിലെ മുഴുവൻ ബാച്ചിലുമുള്ള 120ലേറെ വിദ്യാർഥികൾ ചെയ്ത പ്രൊജെക്ടുകളിൽ നിന്ന് തിരഞ്ഞെടുത്ത 550ഓളം സൃഷ്ടികളാണ് പ്രദർശനത്തിലുള്ളത്.വാസ്തുനിർമിതി ഭാഷയുടെ അടിസ്ഥാനം, കെട്ടിടവും ഭൂമിയും തമ്മിലുള്ള ബന്ധം, കാലാവസ്ഥാനുകൂല രൂപകല്പനകൾ, നഗരരൂപകല്പന തുടങ്ങിയ വിഷയങ്ങളിലധിഷ്ഠിതമായ മാതൃകകളാണ് പ്രദർശനത്തിലുള്ളത്.ചിത്രങ്ങൾ, വീഡിയോ ഇൻസ്റ്റലേഷനുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയും പ്രദർശനത്തിലുൾപ്പെടുന്നു.

ഗ്രാഫിക് ഡിസൈനർമാർ, ചലച്ചിത്ര സംവിധായകർ, സാമൂഹ്യ സംരംഭകർ തുടങ്ങിയവർ പങ്കെടുക്കുന്ന സംവാദങ്ങളും ആർക്കിടെക്ചർ മേഖലയുമായി ബന്ധപ്പെട്ട ചലച്ചിത്ര പ്രദർശനങ്ങളും പരിപാടിയുടെ ഭാഗമായി നടക്കും.ജൂൺ 23ന് പ്രദർശനം സമാപിക്കും.

# ഐഎസ്എൽ: തയ്യാറെടുപ്പുകൾക്കായി കേരളാ ബ്ലാസ്റ്റേഴ്സ് തായ്ലാന്റിലേക്ക്

**കൊച്ചി:** 202425 സീസണ് മുന്നോടിയായി, കേരള ബ്ലാസ്റ്റേഴ്സ് എഫ്സി തായ്ലൻഡിൽ പ്രീസീസൺ തയ്യാറെടുപ്പുകൾ ആരംഭിക്കാൻ ഒരുങ്ങുന്നു. ജൂലൈ 2 മുതൽ ജൂലൈ 22 വരെ തായ്ലൻഡിലെ ചോൻബുരിയിലാണ്  ടീം ക്യാമ്പ് ചെയ്യുന്നത്. മുഖ്യ പരിശീലകൻ മിക്കേൽ സ്റ്റാറേ ടീമിന്റെ ചുമതല ഏറ്റെടുക്കും, ഒപ്പം കളിക്കാരും മറ്റുള്ളവരും തായ്ലൻഡിൽ നേരിട്ട് റിപ്പോർട്ട് ചെയ്യും. സമ്മർ ട്രാൻസ്ഫർ വിൻഡോയിൽ ടീമിനൊപ്പം ചേരുന്ന കളിക്കാർക്ക് പുറമേ, അക്കാദമിയിൽ നിന്നുള്ള ചില പുതിയ മുഖങ്ങളും തായ്ടീലാന്റിലെ ടീമിനൊപ്പം ചേരുമെന്ന് പ്രതീക്ഷിക്കുന്നു. തായ്ലാന്റിലേക്ക് പ്രീ സീസണ് വേണ്ടി പോകുന്ന സ്ക്വാഡിനെ ഉടൻ തന്നെ പ്രഖ്യാപിക്കും. ജൂലൈ 26  നു തുടങ്ങുന്ന 133ാമത് ഡ്യൂറൻഡ് കപ്പിന് വേണ്ടിയുള്ള തയ്യാറെടുപ്പുകൾക്ക് മുന്നോടിയായി, മൂന്നു ആഴ്ച നീണ്ടു നിൽക്കുന്ന ഈ പ്രീ സീസൺ ടൂറിൽ തായ്ലൻഡിലെ ഫുട്ബോൾ ക്ലബ്ബുകൾക്കെതിരെ മൂന്ന് സൗഹൃദ മത്സരങ്ങളും കേരളാ ബ്ലാസ്റ്റേഴ്സ് കളിക്കും. ടീമിനൊപ്പം ആദ്യമായി ചേരുന്ന പരിശീലകനെ മിക്കേലിനും അദ്ദേഹത്തിന്റെ പരിശീലക സംഘത്തിനും തന്റെ ടീമിനെ മനസ്സിലാക്കാനും വിലയിരുത്താനും പ്രവർത്തിക്കാനും ഒരു അവസരമാവും ഈ സൗഹൃദ മത്സരങ്ങൾ.

വിദേശത്ത് പ്രീസീസൺ ആരംഭിക്കാനുള്ള അവസരം ടീം പടുത്തുയർത്തുന്നതിനു ഗുണനിലവാരമുള്ള പരിശീലന സാഹചര്യങ്ങൾ, മികച്ച സൗഹൃദ മത്സരങ്ങൾ തുടങ്ങിയവ ഉപയോഗപ്രദമാകുമെന്ന് ക്ലബ്ബ്സ്പോർടിംഗ് ഡയറക്ടർ കരോലിസ് സ്കിൻകിസ് പറഞ്ഞു.പുതിയ പരിശീലക സംഘത്തിനും ഇത് വളരെ പ്രധാനമാണ്.

തായ്ലാന്റിലെ പ്രീസീസൺ തയ്യാറെടുപ്പുകൾക്ക് ശേഷം ഡ്യൂറാൻഡ് കപ്പിനായി ടീം ഡ്യൂറാൻഡ് വേദിയിലേക്ക് പോകും.

# നിർമല കോളേജിന് കേന്ദ്ര സർക്കാർ ഗ്രാന്റ്

**മൂവാറ്റുപുഴ :** നിർമല കോളേജിന് (ഓട്ടോണോമസ്) കേന്ദ്ര സർക്കാർ 64 ലക്ഷം രൂപ ഗ്രാന്റ് അനുവദിച്ചു. കോളേജിൽ ഗവേഷണത്തിനായി അത്യാധുനീക ഉപകരണങ്ങൾ വാങ്ങുന്നതിനും നൂതന സാങ്കേതിക വിദ്യകൾ സംയോജിതമായി വികസിപ്പിക്കാനുമായി കേന്ദ്ര സയൻസ് ആന്റ് ടെക്നോളജി വകുപ്പാണ് 64 ലക്ഷം രൂപയുടെ ഗ്രാന്റ് കോളേജിന് അനുവദിച്ചത്.



ഈ നേട്ടത്തിലൂടെ ഈ വർഷം എറണാകുളം ജില്ലയിലെ ഏക കോളേജായും, കേരളത്തിലെ ഏഴ് കോളേജുകളിൽ ഒന്നും, ദേശിയ തലത്തിൽ 31 കോളേജുകളിൽ ഒന്നായും നിർമല കോളേജ് തിരഞ്ഞെടുക്കപ്പെട്ടു. ഗ്രാന്റ് വിദ്യർഥികളുടെ ഇന്റേൺഷിപ്പിനും ഗവേഷണത്തിനും, സ്റ്റാർട്ടപ്പുകൾക്കും സഹായകരമാകുമെന്ന് പ്രിൻസിപ്പൽ ഫാ. ഡോ.ജസ്റ്റിൻ കണ്ണാടൻ പറഞ്ഞു.

കോളേജിലെ സയൻസ് വിഭാഗങ്ങൾക്കായിരിക്കും ഇതിലൂടെ കൂടുതൽ പ്രയോജനം ലഭിക്കുക. കോളേജിന്റെ അക്കാദമിക ഗവേഷണ നിലവാരവും, NAAC, NIRF ഉയർന്ന റാങ്കിങ്ങുകളുമാണ് കോളേജിനെ ഈ നേട്ടത്തിന് അർഹമാക്കിയത്.

രസതന്ത്ര മേഖലയിലെ കണ്ടുപിടുത്തത്തിന് കഴിഞ്ഞ ദിവസം കോളേജിന് പേറ്റന്റും ലഭിച്ചിരുന്നു. കോളേജ് ഓട്ടോണോമസ് പദവിയിലെത്തിയ ശേഷമുള്ള ആദ്യ ദേശീയ അംഗീകാരം കൂടിയാണ് ഈ നേട്ടം.



# ഓപ്പറേഷൻ ലൈഫ്: മൺസൂണിൽ 3044 ഭക്ഷ്യ സുരക്ഷാ പരിശോധനകൾ

## 107 സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിർത്തിവയ്പ്പിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്ത് മൺസൂൺ സീസണിൽ ഭക്ഷ്യ സുരക്ഷാ പരിശോധനകൾ ശക്തമാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഭക്ഷ്യ സുരക്ഷാ വകുപ്പിൽ വിവിധ പേരുകളിലറിയപ്പെടുന്ന ഓപ്പറേഷനുകൾ എല്ലാം കൂടി ഓപ്പറേഷൻ ലൈഫ് എന്ന ഒറ്റ പേരിലാണ് ഇപ്പോൾ അറിയപ്പെടുന്നത്. പേരുകൾ ഏകീകൃതമാക്കിയതിന് ശേഷം വന്ന മൺസൂൺ സീസണിൽ ഇതുവരെ ആകെ 3044 പരിശോധനകൾ നടത്തി. 439 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും 426 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും നൽകി. 1820 സർവൈലൻസ് സാമ്പിളുകളും 257 സ്റ്റാറ്റിയൂട്ടറി സാമ്പിളുകളും ശേഖരിച്ചു. ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 107 സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിർത്തിവയ്പ്പിച്ചു. ജൂലൈ 31 വരെ മൺസൂൺ പരിശോധനകൾ തുടരുമെന്നും മന്ത്രി വ്യക്തമാക്കി.

മഴക്കാലത്ത് ഭക്ഷ്യസ്ഥാപനങ്ങളിൽ ശുചിത്വത്തിന് പ്രാധാന്യം നൽകിയാണ് പരിശോധനകൾ നടത്തുന്നത്. സ്ഥാപനങ്ങളിലെ ലൈസൻസും ജീവനക്കാരുടെ ഹെൽത്ത് കാർഡും പ്രത്യേകം പരിശോധിക്കുന്നു. കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ശുദ്ധമായ ജലം കൊണ്ടുണ്ടാക്കിയ ഐസ് മാത്രമേ ഉപയോഗിക്കാൻ അനുവാദമുള്ളൂ. അതിർത്തി ചെക്ക് പോസ്റ്റുകൾ, ഹാർബറുകൾ, മാർക്കറ്റുകൾ, ലേല കേന്ദ്രങ്ങൾ, ഹോൾസെയിൽ മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ചും പരിശോധന നടത്തുന്നു. മത്സ്യം, മാംസം, പാൽ, പലവ്യഞ്ജനം, പച്ചക്കറികൾ, ഷവർമ്മ എന്നിവ പ്രത്യേകിച്ച് പരിശോധിക്കുന്നു. എല്ലാ സർക്കിളുകളിലേയും ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ പരിശോധനകളിൽ പങ്കെടുത്തു വരുന്നു. മൊബൈൽ ടെസ്റ്റിംഗ് ലാബിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലത്ത് ഭക്ഷ്യ സുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വലിയ രീതിയിലാണ് ശക്തിപ്പെടുത്തിയത്. ഭക്ഷ്യ സുരക്ഷാ പരിശോധനയിലും പിഴത്തുകയിലും റെക്കോർഡ് വർധനവാണ് കഴിഞ്ഞ സാമ്പത്തിക വർഷമുണ്ടായത്. പിഴത്തുക ഇരട്ടിയായി വർധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം 65,432 പരിശോധനകളാണ് നടത്തിയത്. 4.05 കോടി രൂപ പിഴ ഈടാക്കി. കഴിഞ്ഞ മേയ് മാസം മാത്രം 25.77 ലക്ഷം രൂപയാണ് പിഴയായി ഈടാക്കിയത്. സമഗ്രമായ പരിശോധനകൾ നടത്തുന്നതിനായി രൂപീകരിച്ച സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ 448 സ്ഥാപനങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം പരിശോധനകൾ നടത്തി. ഭക്ഷ്യ സുരക്ഷാ പരിശോധനകൾ ശക്തമായി തുടരും. വീഴ്ചകൾ കണ്ടെത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

# 10 കിലോ ഭാരമുള്ള മുഴ നീക്കം ചെയ്ത് തൃശൂർ മെഡിക്കൽ കോളേജ്

**തൃശൂർ:** കാലിൽ തുടയോട് ചേർന്ന് അതിവേഗം വളർന്ന 10 കിലോഗ്രാം ഭാരമുള്ള ട്യൂമർ സങ്കീർണ ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്ത് തൃശൂർ സർക്കാർ മെഡിക്കൽ കോളേജ്.

ട്യൂമർ മൂലം നടക്കാൻ പോലും ഏറെ ബുദ്ധിമുട്ടിരുന്ന 61 വയസുള്ള തൃശൂർ പുഴക്കൽ സ്വദേശിനിക്കാണ് ശസ്ത്രക്രിയ നടത്തിയത്. ഹെപ്പറ്റൈറ്റിസ് രോഗം കൂടി ഉണ്ടായിരുന്നത് ശസ്ത്രക്രിയയുടെ സങ്കീർണത വർധിപ്പിച്ചിരുന്നു. വിജയകരമായ ശസ്ത്രക്രിയയ്ക്ക് ശേഷം രോഗിക്ക് സാധാരണ പോലെ നടക്കാനായത് പുനർജീവനമായാണ് രോഗിയും ബന്ധുക്കളും കരുതുന്നത്. മെഡിക്കൽ കോളേജിലെ സർജറി വിഭാഗവും ഓങ്കോ സർജറി വിഭാഗവും ചേർന്നാണ് ശസ്ത്രക്രിയ നടത്തിയത്. ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ മുഴുവൻ ടീമിനേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

ഒരു മാസം മുമ്പാണ് നടക്കാൻ പോലും കഴിയാതെ കാലിൽ വലിയ മുഴയുമായി 61 വയസുകാരി മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തുന്നത്. വിദഗ്ധ പരിശോധനയിൽ ട്യൂമർ ആണെന്ന് ബോധ്യപ്പെട്ടു. കാലിൽ തുടയോട് ചേർന്ന് അതിവേഗം വളർന്ന 30x30x15 സെന്റീമീറ്റർ വലിപ്പമുള്ള ട്യൂമറായിരുന്നു. കൂടാതെ രോഗിക്ക് ഹെപ്പറ്റൈറ്റിസ് ഉണ്ടായിരുന്നതിനാൽ അധിക മുൻകരുതലുകൾ കൂടിയെടുത്തു.

ഈ മാസം പത്താം തീയതിയാണ് ശസ്ത്രക്രിയ നടത്തിയത്. ആറു മണിക്കൂർ നീണ്ടുനിന്ന ശസ്ത്രക്രിയയിലൂടെയാണ് കാലിലേക്കുള്ള രക്തക്കുഴലുകൾ, നാഡീഞരമ്പുകൾ എന്നിവയ്ക്ക് ക്ഷതമേൽക്കാതെ 10 കിലോ തൂക്കവും 30x30x15 സെന്റീമീറ്റർ വ്യാപ്തിയുമുള്ള, സോഫ്റ്റ് ടിഷ്യു സാർക്കോമ നീക്കം ചെയ്തത്.

മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. അശോകൻ, സൂപ്രണ്ട് ഇൻ ചാർജ് ഡോ. രാധിക എന്നിവരുടെ ഏകോപനത്തിൽ ജനറൽ സർജറി വിഭാഗത്തിലെ പ്രൊഫസർ ഡോ. രവീന്ദ്രൻ, സർജിക്കൽ ഓങ്കോളജി വിഭാഗത്തിലെ ഡോ. ശരത് കൃഷ്ണൻ, ഡോ. സഹീർ, ഡോ. സുമിൻ, ഡോ. ജുനൈദ്, ഡോ. സൗന്ദര്യ എന്നിവരും അനസ്തീഷ്യ വിഭാഗം തലവൻ ഡോ. ബാബുരാജ്, ഡോ. മനീഷ, ഡോ. മെറിൻ, ഡോ. ജെസ്മിൻ എന്നിവരും നഴ്സിംഗ് വിഭാഗത്തിൽ നിന്നുള്ള സൂര്യ ജഗനും ആണ് ഈ ശസ്ത്രക്രിയയിൽ പങ്കെടുത്തത്.

# മെട്രോ രണ്ടാംഘട്ടം: യോഗം ചേർന്നു

**കൊച്ചി:** മെട്രോ രണ്ടാംഘട്ട നിർമാണങ്ങളുടെ ഭാഗമായി വെണ്ണല, പാലച്ചുവട് ജംഗ്ഷനുകളുടെയും ആലിൻ ചുവട് റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതും സംബന്ധിച്ച് ജനപ്രതിനിധികളും പൊതുജനങ്ങളും പങ്കെടുത്ത വിശകലന യോഗം വെണ്ണല ഗവ. എച്ച്. എസ് ഹാളിൽ ചേർന്നു. തൃക്കാക്കര എംഎൽഎ ഉമാ തോമസ് അധ്യക്ഷയായിരുന്ന യോഗത്തിൽ ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് തുടർ നടപടികൾ വിശദീകരിച്ചു.

സ്ഥലം എംഎൽഎ യും ജില്ലാ ഭരണകൂടവും കോർപറേഷനും കെ എം ആർ എലും മറ്റ് അനുബന്ധ സംവിധാനങ്ങളും ചേർന്ന് ആലോചിച്ചുള്ള സാങ്കേതിക തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ധനസഹായം ഉറപ്പു വരുത്താൻ കഴിയും. ഇക്കാര്യത്തിൽ കൊച്ചി മാസ്റ്റർ പ്ലാനിനെ അടിസ്ഥാനമാക്കി മുന്നോട്ടു പോകണമെന്ന് യോഗത്തിൽ ആവശ്യമുയർന്നു.

യോഗത്തിൽ തൃക്കാക്കര നഗരസഭ ചെയർപേഴ്സൻ രാധാമണിപിള്ള, മറ്റ് ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വിവിധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനുമുള്ള ചട്ടങ്ങൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള കൺസിലിയേഷൻ ഓഫീസർമാരുടെ പാനൽ പുനഃസംഘടിപ്പിക്കുന്നതിനായി ഫോർട്ട്കൊച്ചി റവന്യൂ ഡിവിഷൻ പരിധിയിൽ താമസിക്കുന്ന സേവന തല്പരരായ വ്യക്തികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും അംഗീകൃത സംഘടനകളിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രവൃത്തി പരിചയം, മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനുമായുള്ള നിയമം, 2007 ലുള്ള പരിജ്ഞാനം, മതിയായ സംവേദനത്തോടെ മദ്ധ്യസ്ഥം, അനുരഞ്ജനം എന്നിവ നടത്തുവാനുള്ള കഴിവ് തുടങ്ങിയവയാണ് യോഗ്യതകൾ.

നിശ്ചിത യോഗ്യതയുള്ളവർക്ക് വിശദമായ ബയോഡാറ്റ, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം ഫോർട്ട്കൊച്ചി മെയിന്റനൻസ് ട്രൈബ്യൂണൽ പ്രിസൈഡിംഗ് ഓഫീസർക്ക് നേരിട്ടോ തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കാം. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജൂൺ 21.

കൂടുതൽ വിവരങ്ങൾക്ക് 04842215340 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി സമയത്ത് വിളിക്കാം. നിശ്ചിത സമയത്തിന് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കില്ല.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡിയുടെ മോഡൽ ഫിനിഷിങ്ങ് സ്കൂൾ കലൂരിലും ഐ.എച്ച്.ആർ.ഡി റീജിനൽ സെന്റർ ഇടപ്പള്ളിയിലും ആരംഭിക്കുന്ന കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

1. പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ളിക്കേഷൻസ് (പി.ജി.ഡി.സി.എ): യോഗ്യത: ഡിഗ്രി പാസ്. 2. ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ളിക്കേഷൻസ് (ഡി.സി.എ) യോഗ്യത +2 പാസ്. എസ് / എസ്.ടി കുട്ടികൾക്ക് നിയമാനുസൃതമായ ഫീസ് ആനുകൂല്യം ലഭിക്കും. താൽപര്യമുള്ള അപേക്ഷകർ കലൂർ ജവഹർലാൽ നെഹ്റു ഇന്റർ നാഷണൽ സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന മോഡൽ ഫിനിഷിങ്ങ് സ്കൂൾ ഓഫീസിൽ ജൂൺ 27 നുമുമ്പായി അപേക്ഷ നേരിട്ട് സമർപ്പിക്കുകയോ / www.ihrdadmissions.org എന്ന വെബ് സൈറ്റ് മുഖേനയോ ഓൺലൈനായി അപേക്ഷിക്കുകയോ ചെയ്യണം. ഫോൺ: 0484 2985252.

# തീയതി നീട്ടി

**കൊച്ചി:** സംസ്ഥാനത്തെ 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളുടെ 202425 അധ്യയന വർഷത്തെ ഒ.ഇ.സി./ ഒ.ബി.സി.(എച്ച്) പ്രീമെട്രിക് സ്കോളർഷിപ്പിനായി വിദ്യാർത്ഥികളിൽ നിന്നും സ്വീകരിച്ച അപേക്ഷകൾ സ്കൂൾ അധികൃതർ ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള അവസാന തീയതി ജൂൺ 30 വരെ നീട്ടി. അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ പോർട്ടലിൽ ഉൾക്കൊള്ളിക്കുന്നതിന് സ്കൂൾ പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധ ചെലുത്തണം. തീയതി വീണ്ടും നീട്ടി നൽകുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം മേഖലാ ഓഫീസ് ഫോൺ: 0484 2983130




# ഗവേഷണ വികസന സംവിധാനങ്ങൾ ശക്തിപ്പെടുത്തി ഗോദ്റെജ് അപ്ലയൻസസ്

**കൊച്ചി:** പൂനെ പിരങ്ങുട്ടിൽ ആരംഭിച്ച പുതിയ ഗവേഷണ വികസന കേന്ദ്രത്തിലൂടെ ആർ ആന്റ് ഡി സംവിധാനങ്ങൾ വിപുലീകരിച്ച് ഗോദ്റെജ് ആന്റ് ബോയ്സിന്റെ ബിസിനസ് യൂണിറ്റായ ഗോദ്റെജ് അപ്ലയൻസസ്. ആർ ആന്റ് ഡി സെന്ററിന്റെ ഉദ്ഘാടനം ഗോദ്റെജ് ആന്റ് ബോയ്സിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ ജംഷിഡ് എൻ ഗോദ്റെജ് നിർവഹിച്ചു. ബ്രാന്റിന്റെ ഇൻഹൗസ് ഡവലെപ്മെന്റും ടെസ്റ്റിംഗ് ലാബുകളും ഇരട്ടിയിലധികം വർധിപ്പിക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. നവീകരണം, ഗുണനിലവാരം, സാങ്കേതിക പുരോഗതി എന്നിവിയലുള്ള കമ്പനിയുടെ പ്രതിബന്ധതയാണ് ഇത് വരച്ചു കാട്ടുന്നത്.43,000 ചതുരശ്ര അടി വിസ്തീർണത്തിലാണ് പുതിയ സംവിധാനങ്ങൾ ആരംഭിച്ചിരിക്കുന്നത്. എൻഎബിഎൽ അക്രഡിറ്റഡ് ലാബ്, അത്യാധുനിക സംവിധാനങ്ങൾ, ഇതിനനുസൃതമായ കെട്ടിട രൂപകൽപന തുടങ്ങിയവ പുതുതായി ആരംഭിച്ച സംവിധാനത്തിലെ സവിശേഷതകളാണ്. അത്യാധുനികവും ഊർജക്ഷമതയുമുള്ള ഉൽപന്നങ്ങൾ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള ഗോദ്റജിന്റെ ദീർഘകാല പ്രവർത്തനത്തിന് മുന്നോടിയാണ് ഈ വിപുലീകരണം.ഉൽപന്നങ്ങൾ വികസിപ്പിക്കുക എന്നതാണ് ബ്രാൻഡിന്റെ വളർച്ചയ്ക്കു പിന്നിലുള്ള മുഖ്യഘടകമെന്നു തങ്ങൾ മനസിലാക്കുന്നതായി ഗോദ്റെജ് അപ്ലയൻസസ് ബിസിനസ് മേധാവിയും എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റുമായ കമൽ നന്ദി പറഞ്ഞു. അതുകൊണ്ടാണ് ഗവേഷണ വികസന മേഖലകളിൽ ഗണ്യമായ നിക്ഷേപങ്ങൾ നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു. നൂറു കോടിയോളം രൂപ ചെലവഴിച്ചാണ് പിരങ്ങുട്ടിൽ ഗോദ്റെജിന്റെ പുതിയ ഗവേഷണ വികസന സംവിധാനങ്ങൾ ഒരുക്കിയിരിക്കുന്നത്.

# കല്യാൺ ജൂവലേഴ്സ് മെഗാ ബൊണാൻസ ഓഫർ അവതരിപ്പിച്ചു

**കൊച്ചി:** കല്യാൺ ജൂവലേഴ്സ് ബക്രീദ്, ഫാദേഴ്സ് ഡേ എന്നീ ആഘോഷത്തോട് അനുബന്ധിച്ച് മെഗാ ബൊണാൻസ ഓഫർ അവതരിപ്പിച്ചു. ജൂൺ 30 വരെയുള്ള കാലയളവിൽ എല്ലാ ആഭരണങ്ങളുടെയും പണിക്കൂലിയിൽ 50 ശതമാനം ഇളവ് ലഭിക്കും. കൂടാതെ, വിപണിയിലെ ഏറ്റവും താഴ്ന്നതും എല്ലാ കല്യാൺ ഷോറൂമുകളിലും ബാധകവുമായ കല്യാൺ സ്പെഷ്യൽ ഗോൾഡ് റേറ്റിലാകും സ്വർണാഭരണങ്ങൾ ലഭിക്കുക. നിത്യവും അണിയുന്ന ആഭരണങ്ങൾ മുതൽ ഹെവിവെയ്റ്റ് ആഭരണങ്ങൾ വരെയുള്ള വൈവിധ്യമാർന്ന ആഭരണങ്ങൾക്ക് ഈ ഓഫർ ബാധകമാണ്. ഇന്ത്യയിലെ കല്യാൺ ജൂവലേഴ്സിൻറെ എല്ലാ ഷോറൂമുകളിൽനിന്നും ഈ ഓഫർ സ്വന്തമാക്കാം.ഉപയോക്തൃകേന്ദ്രീകൃതമായ ഉദ്യമങ്ങളും പുതുമയാർന്ന പരിപാടികളും അവതരിപ്പിക്കുന്നതിലൂടെ സമാനതകളില്ലാത്ത സംതൃപ്തി ഉപയോക്താക്കൾക്ക് സമ്മാനിക്കുന്നതിനാണ് പരിശ്രമിക്കുന്നതെന്ന് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു. ഈ ഉത്സവകാലത്ത് ആഭരണങ്ങൾ വാങ്ങുന്നതിനൊപ്പം സവിശേഷമായ മൂല്യം കണ്ടെത്തുന്നതിനും ഉപയോക്താക്കൾക്ക് സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു.ബ്രാൻഡിനെക്കുറിച്ചും ആഭണശേഖരത്തെക്കുറിച്ചും ഓഫറുകളെക്കുറിച്ചും കൂടുതൽ അറിയുന്നതിന് www.kalyanjewellers.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.




# കാർഗിൽ വിജയ് ദിവസിന്റെ വാർഷികം; ആഘോഷവുമായി മഹീന്ദ്ര

**കൊച്ചി:** മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് കാർഗിൽ യുദ്ധത്തിലെ ഇന്ത്യയുടെ വിജയത്തിൻറെ 25ാം വാർഷിക സ്മരണക്കായി 'ഹാർട്ട്സ് ടു ബ്രേവ് ഹാർട്ട്സ്' എന്ന പരിപാടി പ്രഖ്യാപിച്ചു. രാജ്യത്തിൻറെ വീര സൈനികരുടെ ധീരതക്കും ത്യാഗത്തിനും ഹൃദയംഗമമായ ആദരമെന്ന നിലയിലാണ് ഈ സംരംഭം. ഇന്ത്യൻ സായുധ സേനകളോട് നന്ദി പ്രകടിപ്പിക്കാൻ എല്ലാ ഇന്ത്യക്കാരോടുമുള്ള ആഹ്വാനം കൂടിയാണ് ഈ ക്യാമ്പയിൻ.ഈ ഈ ക്യാമ്പയിനിൻറെ ഭാഗമായി സൈനികർക്കുള്ള സന്ദേശം രാജ്യത്തുടനീളമുള്ള സൈനിക സ്റ്റേഷനുകളിലേക്കും മറ്റും എത്തിക്കുന്നതിന് തനോട്ട് ബോർഡർ പോസ്റ്റ്, കിബിത്തൂ ബോർഡർ പോസ്റ്റ്, കൊച്ചി പോർട്ട് എന്നിവിടങ്ങളിൽ നിന്ന് ഒരേസമയം മഹീന്ദ്ര എസ് യു വികൾ ഫളാഗ്ഓഫ് ചെയ്യും. 10,000 കി.മീറ്റർ താണ്ടുന്ന ഈ എസ് യു വികളുടെ പ്രയാണം കാർഗിൽ യുദ്ധ സ്മാരകത്തിൽ സമാപിക്കും.കത്തുകൾ, കവിതകൾ, രേഖാചിത്രങ്ങൾ, മറ്റു ക്രിയാത്മകമായ ആവിഷ്കാരങ്ങൾ എന്നിവയിലൂടെ ജനങ്ങൾ സൈനികരോടുള്ള നന്ദി പ്രകടിപ്പിക്കാം. ഇന്ത്യൻ പോസ്റ്റിൻറെ പങ്കാളിത്തത്തോടു കൂടിയായിരിക്കും ഈ സന്ദേശങ്ങൾ അതാത് സ്ഥലങ്ങളിലെത്തിക്കുക. മഹീന്ദ്രയുടെ സോഷ്യൽമീഡിയ ഹാൻഡിലുകൾ വഴിയും ഡീലർഷിപ്പുകൾ വഴിയും ജനങ്ങൾക്ക് സന്ദേശം കൈമാറാം.ഹാർട്ട്സ് ടു ബ്രേവ് ഹാർട്ട്സ് എന്ന സംരംഭത്തിലൂടെ കാർഗിൽ വിജയത്തിൻറെ 25ാം വാർഷിക സ്മരണ നടത്തുന്നത് ഞങ്ങളെ സംബന്ധിച്ചിടത്തോളം വലിയ ബഹുമതിയാണെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് ഓട്ടോമോട്ടീവ് ഡിവിഷൻ പ്രസിഡൻറ് വീജയ് നക്ര പറഞ്ഞു. ഈ ക്യാമ്പയിൻ നമ്മുടെ ധീരസൈനികരെ അനുസ്മരിക്കുക മാത്രമല്ല അവർ നമുക്കായി ഉറപ്പാക്കിയ സ്വാതന്ത്ര്യവും സമാധാനവും ആഘോഷിക്കുന്നതിനെക്കുറിച്ചാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

